DESPATCHED
On..30/8/22.....



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2655(3)/2018 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14466/*എസ്.ഐ.സി-ജി 1/2018*)**

**സന്നിഹിതൻ**

**എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 25.08.2022**

ശ്രീ.രതീഷ് കുമാർ ഇ.കെ,
എഴുത്തച്ഛൻ കണ്ടി ഹൗസ്,
കുരിക്കൾമഠം പറമ്പ്,
മേരിക്കുന്ന് പി.ഒ,
കോഴിക്കോട് – 673 012. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ചേവായൂർ വില്ലേജ് ഓഫീസ്,
   കോഴിക്കോട്.
2. അപ്പീൽ അധികാരി &
   തഹസീൽദാർ (ഭൂരേഖ),
   താലൂക്ക് ഓഫീസ്, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19/07/2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 13/08/2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| മറുപടി ലഭ്യമാക്കിയ തീയതി | 05/10/2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 07/12/2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/12/2018 |

## ഉത്തരവ്

കോഴിക്കോട് ജില്ലയിൽ മേരിക്കുന്ന്, കുരിക്കൾമഠം പറമ്പ്, എഴുത്തച്ഛൻകണ്ടി വീട്ടിൽ ശ്രീ. രതീഷ്കുമാർ ഇ.കെ, കോഴിക്കോട് ചേവായൂർ

വില്ലേജ് ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് നൽകിയ അപേക്ഷയിൽ 116/2എ, 2ബി, 127/4, 126/2 എന്നീ റീസർവ്വെ നമ്പറുകളിൽ പെടുന്ന ഭൂമിയെ സംബന്ധിക്കുന്ന മുഴുവൻ റെക്കോർഡുകളും റജിസ്റ്ററുകളും പരിശോധിക്കുവാൻ അനുവദിക്കണമെന്നും ആവശ്യമുള്ളവയുടെ ഫോട്ടോസ് ടിയാന്റെ മൊബൈൽ ക്യാമറയിൽ പകർത്തണമെന്നും മറ്റുമാണ് ആവശ്യപ്പെട്ടത്. ആയതിന് എസ്.പി.ഐ.ഒ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ അപ്പീൽ അധികാരിയായ കോഴിക്കോട് താലൂക്ക് തഹസീൽദാറെ സമീപിച്ചത്. അപ്പീലധികാരി അപേക്ഷകൻ ആവശ്യപ്പെട്ട മുഴുവൻ റിക്കാർഡുകളും രജിസ്റ്ററുകളും കാണിക്കുന്നതിനും വിവരാവകാശ നിയമപ്രകാരം ആവശ്യമുള്ള പകർപ്പുകൾ ശ്രീ. രതീഷ്കുമാറിന് നൽകുന്നതിനും എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. എന്നാൽ ആ നിർദ്ദേശവും പാലിക്കപ്പെടാതെയിരുന്നതിനാലാണ് ശ്രീ. രതീഷ്കുമാർ സംസ്ഥാന വിവരാവകാശ കമ്മീഷനെ സമീപിച്ചത്. കമ്മീഷൻ 04.08.2021, 07.07.2022 തീയതികളിൽ A.P.2655(3)/18/SIC നമ്പർ ഫയലിൽ വിശദീകരണം ആവശ്യപ്പെടുകയും ആയതിന് ചേവായൂർ വില്ലേജ് ഓഫീസർ 19.07.2022 ൽ മറുപടി നൽകിയതായും കാണുന്നു. അപേക്ഷകൻ രണ്ടാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.08.2022 ൽ കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിച്ചു.

2. ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. അപ്പീൽ അധികാരിയായ കോഴിക്കോട് തഹസീൽദാർ (എൽ.ആർ) ഹാജരായി

അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ നൽകിയതിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്.

3. അപ്പീൽ ഹർജിക്കാരന് വിവരങ്ങൾ നൽകിയിട്ടുള്ളതായും ഹിയറിംഗിൽ ഹർജിക്കാരൻ ഹാജരായി വിവരങ്ങൾ നേരിട്ട് ബോധിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ ടിയാന് ഇപ്പോൾ പരാതിയൊന്നും നിലനിൽക്കുന്നില്ല എന്ന് മനസ്സിലാക്കി ടി ഫയലിലെ തുടർ നടപടികൾ അവസാനിപ്പിക്കുന്നു.

4. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 ആഗസ്റ്റ് മാസം 25-ാം തീയതി) തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

vkm